# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്-കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷ(കെയ്കോ) ന് മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനം - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(എം.എസ്)നം.14/2010/തസ്വഭവ തിരുവനന്തപുരം, തീയതി, 18.01.2010.

---

പരാമർശം:-(1) 15.01.00 - ലെ ജി.ഒ.(പി)നമ്പർ:25/00/തസ്വഭവ

(2) 16.12.09 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം:2.3 (2)

## ഉത്തരവ്

പരാമർശം(1) പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (കെയ്കോ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള അംഗീകൃത ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള വൈദഗ്ധ്യം ഈ സ്ഥാപനത്തിന് ഇല്ല എന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാനതലകോ-ഓർഡിനേഷൻ സമിതിയിൽ ഈ വിഷയം ചർച്ച ചെയ്ത് സൂചന (2) ലെ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (കെയ്കോ)തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള അംഗീകൃത ഏജൻസിയായി നിശ്ചയിച്ചുകൊണ്ടുള്ള സൂചന(1) ഉത്തരവ് റദ്ദുചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
അന്നമ്മ ഡാനിയൽ,
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്

സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം (ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കേണ്ടതാണ്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.